# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 443** **4-6-2018 - ൽ മറുപടിയ്ക്ക്**

## പെട്രോൾ പമ്പുകളിലെ കൃത്രിമം

**ചോദ്യം**

**ശ്രീ.കെ. കൃഷ്ണൻകുട്ടി:**

**മറുപടി**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിലെ അളവുകളിലെ കൃത്രിമവും പെട്രോളിലെ മായവും പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(എ) ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ പെട്രോൾ പമ്പുകളിലെ ഡിസ്പെൻസിംഗ് യൂണിറ്റുകൾ എല്ലാ വർഷവും പരിശോധന നടത്തി സീൽ ചെയ്യാറുണ്ട്. കൂടാതെ എല്ലാ മാസവും ഇടവിട്ട ദിവസങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താറുള്ളതും അളവിൽ വ്യത്യാസം കാണുന്ന യൂണിറ്റുകളിൽ കൂടിയുള്ള വിതരണം നിർത്തി വെയ്പ്പിക്കുകയും കൃത്യത ഉറപ്പ് വരുത്തിയശേഷം വിതരണം നടത്തുന്നതിന് അനുമതി നൽകുകയും ചെയ്യുന്നു. അതോടൊപ്പം ഓയിൽ കമ്പനി അധികൃതരും, ആന്റി അഡൽട്രേഷൻ സെൽ ഓഫീസർമാരും പരിശോധന നടത്താറുണ്ട്.

(ബി) കഴിഞ്ഞ വർഷം ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ നല്കാമോ?

(ബി) ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനയിൽ കൊല്ലം ജില്ലയിലും, കാസർഗോഡ് ജില്ലയിലും ഓരോ കേസ് വീതം രജിസ്റ്റർ ചെയ്യുകയും രാജിഫീസ് ഇനത്തിൽ യഥാക്രമം 10,000/- രൂപ, 20,000/- രൂപ എന്നിങ്ങനെ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഓയിൽ കമ്പനികൾ നടത്തിയ പരിശോധനയിൽ ഷോർട്ട് ഡെലിവറിയുമായി ബന്ധപ്പെട്ട് 11 റീട്ടെയിൽ ഔട്ട് ലെറ്റുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം - 3
2. കൊല്ലം - 1
3. ഇടുക്കി - 1
4. എറണാകുളം - 3
5. കോഴിക്കോട് - 2
6. വയനാട് - 1

സെക്ഷൻ ഓഫീസർ